<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2783**</u> <u>**13-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രധാനപ്രശ്നം വന്യമൃഗങ്ങൾ കാരണമുള്ള കൃഷിനാശമാണ്. ആയത് തടയുന്നതിന് താഴെ പറയുന്ന പ്രതിരോധമാർഗ്ഗങ്ങളും പരിഹാരമാർഗ്ഗങ്ങളുമാണ് നടപ്പിലാക്കി വരുന്നത്. സോളാർ പവർ ഫെൻസിംഗ്, കിടങ്ങുകൾ, പ്രതിരോധ മതിലുകൾ, ഹാങ്ങിംഗ് ഫെൻസ് എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിച്ചുവരുന്നുണ്ട്. വന്യമൃഗശല്യം മൂലം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് നിയമാനുസൃതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്. വന്യമൃഗ ആക്രമണങ്ങളിൽ ജീവഹാനി സംഭവിക്കുകയോ, അംഗവൈകല്യം സംഭവിക്കുകയോ ചികിത്സ നടത്തേണ്ടി വരികയോ ചെയ്താൽ നഷ്ടപരിഹാരവും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്. കൃഷിയിടങ്ങളിലെ കാട്ടുപന്നി ശല്യം ഒഴിവാക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശാനുസരണം കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവികൾ ജലലഭ്യതയ്ക്കായി കൃഷി പ്രദേശങ്ങളിൽ പ്രവേശിക്കുന്നത് തടയാൻ വനത്തിനകത്ത് കുളങ്ങൾ, ചെക്ക്ഡാം, സോസർപിറ്റ് എന്നിവ നിർമ്മിച്ചിട്ടുള്ളതുമാണ്. കൃഷിയിടങ്ങളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിന് ദ്രുതകർമ്മസേനയുടെ പ്രവർത്തനവും, വാച്ചർമാരുടെ സേവനവും ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | വനഭൂമിയോട് ചേർന്നതും നിയമാനുസൃതം രേഖകളുമുള്ള ഭൂമിയിൽ പ്രസ്തുത കർഷകർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | വനാതിർത്തി നിർണ്ണയിച്ചിട്ടുള്ളതും വനഭൂമിയോട് ചേർന്നതും നിയമാനുസൃതം രേഖകളുമുള്ള സ്വകാര്യഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വകുപ്പിന് തടസ്സമില്ല. വനാതിർത്തി നിർണ്ണയിച്ചിട്ടില്ലാത്തതും വനമാണോ |

| | | | |
|---|---|---|---|
| | | | അല്ലയോ എന്ന് തർക്കമുള്ള ഭൂമിയിലും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ-വനം വകുപ്പുകളുടെ സർവ്വേയിലൂടെ പരിശോധന നടത്തി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്. |
| (സി) | പ്രസ്തുത കർഷകർക്ക് സഹായമെത്തിക്കുന്നതിനായി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് പങ്കാളിത്ത വനപരിപാലനത്തിലൂടെ വനവൽക്കരണ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നതിന്റെ ഭാഗമായി വനസംരക്ഷണ സമിതികൾ (VSSs), ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ (EDCs) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പാക്കുക, നിയമാനുസൃതവും നീതിപൂർവ്വവുമായ വിധം വനവിഭവങ്ങൾ വിനിയോഗിക്കുക, വനങ്ങൾ സംരക്ഷിക്കുക, വനത്തിലും, വനത്തോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സഹകരണത്തോടെ പങ്കാളിത്ത വനപരിപാലനം നടത്തുക, വനാശ്രിത സമൂഹങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുക, പങ്കാളിത്ത വനപരിപാലന പ്രദേശത്തെ കയ്യേറ്റം, കാലിമേച്ചിൽ , കാട്ടുതീ, വേട്ടയാടൽ, മോഷണം എന്നിവയിൽ നിന്നും സംരക്ഷിക്കുക, ഗ്രാമീണർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും പ്രാധാന്യം മനസ്സിലാക്കി കൊടുക്കുക മുതലായവയാണ് വന സംരക്ഷണ സമിതികളുടെയും, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെയും പ്രധാന ചുമതലകൾ, കർഷർ അടക്കമുള്ള വനാശ്രിതസമൂഹത്തിന് ഗുണകരമായ രീതിയിൽ VSS/EDCകളുടെ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ കാലാനുസൃതമായി വിപുലീകരിക്കാറുണ്ട്. ഇതിന്റെ ഭാഗമായി VSS/EDC കളുടെ സൂക്ഷ്മാസൂത്രണ രേഖകൾ (Micro Plans) പുതുക്കി വരുന്നു. |

സെക്ഷൻ ഓഫീസർ